# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2430** **09-12-2014 ലെ മറുപടിയ്ക്ക്**

**<u>ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിന് നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ സൗകര്യങ്ങളൊരുക്കി, സംസ്ഥാന ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനും, ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും, ലോട്ടറി പ്രിന്റിംഗ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഭാഗ്യക്കുറി ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്. ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർ വൽകരിച്ച് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി Software enhancement അടക്കമുള്ള പരിഷ്കരണങ്ങൾ പരിഗണനയിലാണ്.<br>സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എറണാകുളം KBPS പ്രസ്സിന് ഒരു 5 കളർ ഷീറ്റ് ഫെഡ് മെഷീൻ വാങ്ങുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ നിന്നും 6 കോടി രൂപ വായ്പ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം C-apt പ്രസ്സിന് ഒരു 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങാൻ 4.5 കോടി രൂപയുടെ വായ്പ വകുപ്പിൽ നിന്ന് അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 2.5 കോടി രൂപയുടെ അധിക വായ്പാ തുകകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് C-apt സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ടിക്കറ്റ് അച്ചടിയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വാട്ടർമാർക്ക് പേപ്പറിൽ ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ശ്രമങ്ങളും വകുപ്പ് നടത്തി വരികയാണ്. |

**(ബി)** സാധാരണക്കാരായ തൊഴിൽരഹിതരുടെ അപേക്ഷ പ്രകാരം ഏജൻസി അനുവദിക്കുന്നതിനും, ആവശ്യപ്രകാരമുള്ള ലോട്ടറി ലഭ്യമാക്കുന്നതിനും, സമ്മാനങ്ങൾ പരിഷ്ക്കരിക്കുന്നതിനും, കമ്മീഷൻ വർദ്ധി പ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

**(ബി)** 18 വയസ്സ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോ എന്നിവ ഹാജരാക്കി, 300/- രൂപ ഏജൻസി രജിസ്ട്രേഷൻ ഫീസുമൊടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. 63 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാന ഘടന തയ്യാറാക്കിയിട്ടുള്ള പൗർണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ (മുഖവില 30/- രൂപ) 56 ലക്ഷം ടിക്കറ്റുകളും, 35 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാന ഘടന തയ്യാറാക്കിയിട്ടുള്ള കാരുണ്യ, കാരുണ്യ പ്ലസ് (മുഖവില 50/- രൂപ) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും, 40/- രൂപ മുഖവിലയുള്ള ധനശ്രീ ഭാഗ്യക്കുറിയുടെ 30 ലക്ഷം ടിക്കറ്റുകളും നിലവിൽ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.

പ്രതിവാര ഭാഗ്യക്കുറികളുടെ നിലവിലുള്ള സമ്മാനഘടന പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.

കമ്മീഷൻ വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**(സി)** താലൂക്കടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ

**(സി)** കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽ കൂടി താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.